For Private Circulation Only

January 2016

ആഗമനാത്മാവ്

Vol.63

“ ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ലകാര്യവും ഉണ്ടോ?” (യിരെ. 32;27)

No.1

ക്രിസ്തു ലോകത്തിന്റെ ഏക പ്രത്യാശ

By Fred D Jarvis

ലോകം ഇന്നൊരു വഴിത്തിരിവിലാണ്. ദൈവം ഇടപെട്ടില്ലെങ്കിൽ അപകടകരമായ നാശത്തിലേയ്ക്കാണ് അവർ പൊയ്ക്കൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ മാരകമായ പ്രശ്നങ്ങൾകൊണ്ട് രോഗവും പക്ഷാഘാതവും മൂലം ശക്തി നഷ്ടപ്പെട്ട സഭയ്ക്ക് അത്യാവശ്യമായി ദൈവത്തിൽ നിന്നുള്ള പരിഹാരമാണ് വേണ്ടത്.

യാഥാർത്ഥ്യ ബോധത്തോടെ ദൈവത്തെ ആരാധിക്കുകയും ആരാധനകളിലും പ്രാർത്ഥനകളിലും ദാഹമുള്ള ഹൃദയത്തോടുകൂടെ ദൈവത്തോട് കരയുകയും ചെയ്യുമ്പോൾ കൂടുതൽ ശക്തി പ്രാർത്ഥനയ്ക്കായും കൂടുതൽ സന്തോഷം ദൈവവേല ചെയ്യുവാനും ലഭിക്കുന്നു എന്നത് സ്തുത്യർഹമാണ്. അവർ ആത്മാവിനെ പ്രാപിക്കുവാൻ മാത്രമല്ല എപ്പോഴും ആത്മനിറവിൽ ആയിരിപ്പാനും ആഗ്രഹിക്കുന്നു. അവർ അപ്പോസ്തലപ്രവൃത്തികൾ പഠിച്ച് ശക്തരായ ആത്മാക്കളെ നേടുന്ന വേലക്കാരായി തീരുന്നു.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നഷ്ടപ്പെട്ടവരെയും നശിച്ചുകൊണ്ടിരിക്കുന്നവരേയും രക്ഷിച്ചെടുക്കുവാനായി ഹൃദയത്തിലെ അശുദ്ധികളെയും പ്രയോജനമില്ലാത്ത അബദ്ധധാരണകളെയും നീക്കി പരിശുദ്ധാത്മാവിന്റെ പുതുക്കത്തിൽ ഉണർന്നു പ്രവർത്തിക്കാനുള്ള സമയം ഇതാണ്.

ആദിമ നൂറ്റാണ്ടിൽ സുവിശേഷത്തിന്റെ സന്ദേശം വളരെ ശക്തമായ നിലയിൽ വിശാലമായി ദേശത്ത് വ്യാപരിക്കുവാൻ ഇടയായി. സുവിശേഷം പ്രസംഗിക്കുവാൻ വിശ്വാസികൾ ഉത്സാഹത്തോടെ കടന്നുപോയി. അന്നത്തെ ദൂത് ക്രൂശ് എന്നതായിരുന്നു. അവരുടെ ശക്തി പരിശുദ്ധാത്മാവായിരുന്നു. അവരുടെ അടിസ്ഥാനം വേദപുസ്തകമായിരുന്നു. ദൈവം ഇങ്ങനെ പറയുന്നു എന്ന അധികാരത്തിന്റെ വാക്കുകളുമായി ദൈവവചനം പ്രസംഗിക്കുകയും ലോകത്തെ ദൈവത്തിനായി പിടിച്ചെടുക്കുകയും ചെയ്തു.

എന്നാൽ ഇന്ന് ഒരു ഗ്രാമത്തെപ്പോലും നേടുവാനുള്ള ദൈവശക്തി നമ്മിൽ ഇല്ല എന്നതാണ് വാസ്തവം. നമ്മുടെ ആത്മിക കാഴ്ചപ്പാടുകൾ നമ്മുടെ നിലവാരം വിട്ട് ദൈവത്തിന്റെ നിലവാരത്തിലേക്ക് ഉയരേണ്ടിയിരിക്കുന്നു. നാം പലപ്പോഴും ദൈവത്തിന് നമ്മെ ശക്തമായി ഉപയോഗിപ്പാൻ കഴിയും എന്നു ചിന്തിക്കുന്നതേയില്ല. കഴിഞ്ഞ കാലങ്ങളിൽ ഞാൻ എന്തൊക്കെയോ ആയിരുന്നു എന്ന ചിന്തയിലുപരി എനിക്ക് എന്ത് ചെയ്യുവാൻ കഴിയും എന്ന് ദൈവ വചനാടിസ്ഥാനത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. കാലഘട്ടത്തിന്റെ സാദ്ധ്യതകളെ ആരായുന്നതിന് പകരം നമ്മുടെ പരാജയപ്പെട്ട ജീവതത്തോടു ദൈവവചനത്തെ വളച്ചൊടിക്കുന്ന നിലവാരത്തിലേയ്ക്കാണ് പോകുന്നത് എന്നത് ദുഃഖകരമായ ഒരു സത്യമാണ്.

ലോകത്തിനുള്ള ഏക പ്രത്യാശ

ദൈവം നമ്മുടെ കുറവുകളെ നമ്മോട് ക്ഷമിക്കട്ടെ. സ്നേഹത്തിലും ദൈവഭക്തിയിലും ലോകത്തെ കീഴടക്കുന്നതിൽ വന്ന പരാജയവും നമ്മുടെ പദ്ധതികളും അതൃപ്തിയും ദൈവം നമ്മോടു ക്ഷമിക്കട്ടെ. ദൈവം ഹൃദയങ്ങളെ ശുദ്ധീകരിച്ച് ആത്മാവിന്റെ അഗ്നിയാൽ നിറച്ചു പുതിയ വിശ്വസ്തതയിലും സ്നേഹത്തിലും ധൈര്യത്തിലും കുറ്റബോധത്തിലും നമ്മെ ജ്വലിപ്പിക്കുമാറാകട്ടെ. ഉണർവ്വ് എന്നത് നമ്മുടെ ഏക പ്രത്യാശയാണ്. നമ്മുടെ പ്രാർത്ഥനയിലും പ്രസംഗത്തിലും ദൈവശക്തി വ്യാപരിക്കട്ടെ. നമുക്ക് നിത്യമായ ഒരു വാസസ്ഥലമുണ്ട്.

ലോകത്തിന് പ്രത്യാശിക്കുവാൻ ഒരേ ഒരിടം മാത്രം. അത് ക്രൂശിക്കപ്പെട്ട ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന യേശു മാത്രം. ഈ നശ്വര ലോകത്തിൽ വേറെ ഒരു പ്രത്യാശയ്ക്കും വകയില്ല. ആ യേശുവിങ്കലേക്ക് അടുത്തുചെല്ലുവാനുള്ള സമയം ഇതാണ്. ദൈവം നമ്മെ പ്രാർത്ഥനയ്ക്കായും കൊടുക്കുവാനായും പോകുവാനുമായി വിളിക്കുന്നു. വേർതിരുവുകളെ മറന്ന് പ്രവർത്തിക്കാനുള്ള സമയമാണിത്. ത്യാഗപരമായി ഏൽപിക്കുവാനും ദൈവത്തിനായി സമർപ്പിക്കുവാനുമുള്ള സമയവുമാണിത്.

നാം ദൈവത്തിനായി പ്രവർത്തിക്കുമ്പോൾ നിശ്ചയമായും ഒരു ഉണർവ്വ് വ്യാപരിക്കും.

പെന്തെക്കോസ്തിന്റെ ശക്തി

പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാത്ത നമ്മുടെ പ്രവർത്തികൾ അർത്ഥശൂന്യമാണ്. ദൈവത്തിനുവേണ്ടി നാം അദ്ധ്വാനിക്കേണ്ടതാണ്. നാം ദൈവാത്മാവിനാൽ നിറവുള്ളവരായിരിക്കേണ്ടതാണ്. നാം ദൈവത്തിന്റെ വേല ദൈവത്തിന്റെ ഹിതപ്രകാരം ചെയ്യുന്നവരായിരിക്കേണം. ദൈവത്തിന്റെ ശക്തിയും സാന്നിദ്ധ്യവും പ്രധാനമാണ്. ഇത് പെന്തക്കോസ്തിന്റെ ശക്തിയാണ്. ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം നാം കാത്തിരിക്കേണം. ചരിത്രത്തിലെ ഒരു സംഭവം എന്നതിലുപരി പെന്തക്കോസ്തിൻ ശക്തി നമ്മിൽ വർദ്ധിച്ചുവരേണം. ഇത് നമ്മുടെ വ്യക്തിപരമായ അനുഭവമാക്കേണം.

അപ്പോസ്തല പ്രവൃത്തികൾ ഇന്നത്തേയ്ക്കു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയാണ്. ആളുകളെ ദൈവത്തിങ്കലേയ്ക്ക് നടത്തുവാൻ ഉള്ള ദൈവശക്തിയുടെ അനുഭവമാണ് പെന്തെക്കോസ്ത്. വിജയകരമായ ക്രിസ്തീയ ജീവിതത്തിനും ആത്മാക്കളെ നേടുന്നതിനുമുള്ള ശക്തിയായി പരിശുദ്ധാത്മാവിന് പകരമായി മറ്റൊന്നുമില്ല. സത്യസന്ധനാണ് എന്നത് പരിശുദ്ധാത്മ ശക്തി ക്കു പകരമാവില്ല. നാം ആത്മാവിൽ ജീവിക്കയും പരിശുദ്ധാത്മാവിനെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കയും വേണം. അതു ചെയ്യുവാൻ ദൈവശക്തി വേണം. സുവിശേഷത്തിന്റെ അഗ്നി നമ്മിൽ കത്തി ജ്വലിച്ച് കന്മഷം അകറ്റി വേഗം വരുന്ന കർത്താവിനുവേണ്ടി പോകുന്ന ജനമായിരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. യേശു പറഞ്ഞത് “എന്നെ അനുഗമിപ്പിൻ; ഞാൻ നിങ്ങളെ മനുഷ്യനെ പിടിക്കുന്നവരാക്കും” (മത്താ. 4:19). ദൈവം നമ്മെ വർദ്ധിപ്പിച്ച് മക്കളെയും കൊച്ചുമക്കളെയും നൽകുവാനാഗ്രഹിക്കുന്നു. നശിച്ചു പോകുന്നവരെ തേടി നാം പോകേണ്ടിയിരിക്കുന്നു. “കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നു കരഞ്ഞും വിതെച്ചും കൊണ്ടു നടക്കുന്നു; കറ്റ ചുമന്നും ആർത്തും കൊണ്ടു വരുന്നു” (സങ്കീ. 126:6). കർത്താവ് ലോകത്തിലേക്ക് വന്നതുപോലെ നാം പോകേണം. അവിടുന്ന് നമ്മെ സ്നേഹിച്ചതുപോലെ നാം മറ്റുള്ളവരെ സ്നേഹിക്കേണം. കർത്താവ് നമുക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചതു പോലെ മറ്റുള്ളവരെ നേടുവാൻ ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു. നാം വെറും യാന്ത്രികമായിട്ടല്ല, പിന്നെയോ ദൈവത്തിന്റെ മനുഷ്യരായി, ശക്തിയുടെ മനുഷ്യരായി. വിശ്വാസത്തിന്റെയും ആത്മീയ അഗ്നിയുടെയും മനുഷ്യരായി പോകേണം. ദൈവത്തിന്റെ വചനം തീയാണ്. പരിശുദ്ധാത്മ ശക്തിയിൽ വചനം പ്രസംഗിക്കുമ്പോൾ ആ തീ ജ്വലിച്ച് പ്രകാശിക്കുന്ന ഉണർവ്വിന്റെ തീയായി രൂപാന്തരപ്പെടുന്നു.

അനുതാപവും പ്രാർത്ഥനയും ഉണർവ്വും

ആത്മീക ബോധം ഉളവാക്കുന്ന ആത്മാവാൽ കത്തി ജ്വലിക്കുന്ന ഒരു ആത്മീക ഉണർവ്വ് ഈ നാളുകളിൽ ദൈവം അയയ്ക്കുമാറാകട്ടെ. ആ ആത്മാവിന്റെ ജ്വാല പാപത്താൽ ശാപത്തിലായിരിക്കുന്ന ലോകത്തിന്റെ ഓരോ ദിശയിലും എത്തുമാറാകട്ടെ. അത് സകലത്തെയും കീഴ്പ്പെടുത്തുന്ന ദൈവശക്തിയാണ്. മനുഷ്യൻ പലപ്പോഴും പരിഹാരം തേടുന്നു എന്നാൽ യഥാർത്ഥ പരിഹാരത്തിലേക്ക് വരുന്നില്ല. അതിനെല്ലാം ഉത്തരം പരിശുദ്ധാത്മാവിന്റെ ഉണർവ്വാണ്. സമാധാനത്തിന്റെ പ്രഭു ഇല്ലാതെ സമാധാനമില്ല. നാം അനുതപിക്കുന്നതുവരെ ദൈവത്തിന്റെ അനുഗ്രഹമില്ല. ന്യായവിധിയുടെ കോടാലി മരങ്ങളുടെ ചുവടിന് വച്ചിരിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാനങ്ങൾ മറിഞ്ഞും ഹൃദയങ്ങൾ കഠിനപ്പെട്ടും ഇരിക്കുന്നു. മനുഷ്യന്റെ പാപം ഉയരത്തിലെ സ്വർഗ്ഗം വരെയും എത്തിയിരിക്കുന്നു. സമൂഹത്തിന് അത് ഒരു കളങ്കമായിത്തീർന്നിരിക്കുന്നു. ദൈവത്തെ അപമാനിക്കുന്നതും കർത്താവിന്റെ ഹൃദയത്തിന് ഒരു മുറിവും സഭയ്ക്ക് ഒരു വാട്ടവും ഉണർവ്വിന് തടസ്സവും ആയിരിക്കുന്നു.

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. “മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ട; പണ്ടുള്ളവയെ നിരൂപിക്കയും വേണ്ട, ഇതാ, ഞാൻ പുതിയതൊന്നു ചെയ്യുന്നു; അതു ഇപ്പോൾ ഉത്ഭവിക്കും; നിങ്ങൾ അതു അറിയുന്നില്ലയോ? അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജന പ്രദേശത്തു നദികളും ഉണ്ടാക്കും”. (യെശ. 43: 18, 19). എന്നരുളിചെയ്ത യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം.

2015-ാ വർഷത്തിന്റെ ഡിസംബർ മാസം വരെ കാണുവാൻ ദൈവം നമുക്ക് കൃപ തന്നുവല്ലോ. ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. 2016-നിങ്ങളുടെ ജീവിതത്തിൽ ഒരു അനുഗ്രഹത്തിന്റെയും സമൃദ്ധിയുടെയും വർഷമായിതീരട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

2016 ദൈവം തന്റെ കരുണയാൽ നമ്മെ പൊതിയുവാൻ ആഗ്രഹിക്കുന്നു. അതിനാൽ നാം ദൈവത്തോട് കൂടുതൽ അടുക്കേണ്ടതാവശ്യമാണ്. പ്രത്യാശ കൈവെടിയരുത്. ദൈവത്തിൽ പൂർണ്ണമായി വിശ്വാസം അർപ്പിക്കുക. പരിശുദ്ധാത്മാവിന്റെ ശബ്ദത്തിന് ചെവികൊടുക്കുക. നമ്മുടെ ദൈവം സർവ്വശക്തനാണ്. അവൻ സകലത്തിനും മതിയായവനാണ്. ചെറുതും വലുതുമായ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ദൈവത്തോട് പറയുക. വാഗ്ദത്തം ചെയ്യുന്നവൻ വിശ്വസ്തനല്ലോ.

ആഗമന ദൂതൻ മാസിക നിങ്ങളുടെ ജീവിതത്തിൽ പ്രയോജനപ്പെടുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയാലാണ് ഇതുവരെയും മാസികയുടെ പ്രവർത്തനം നിലനിൽക്കുന്നത്. തുടർന്നും നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനയും സഹകരണവുമാണ് ഈ മാസികയുടെ വളർച്ചയ്ക്ക് കാരണമായി തീരുന്നത്. തുടർന്നും നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു.
Bindhu M, Agamanadhoothan A/c. No. 67342839891, State Bank of Travancore, Thiruvananthapuram എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി
ബിന്ദു.എം.

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ്
Mob: 9446590913
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

അസാധാരണമായി പ്രാർത്ഥിക്കുവാനുള്ള പുതിയ വിളി

By Dave Butts

സഭ അസാധാരണമായ പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള ദൈവവിളിക്ക് ചെവികൊടുത്ത് ഒരുങ്ങേണ്ട സമയമാണിത്. അസാധാരണമായ പ്രാർത്ഥന, കഴിഞ്ഞ കാലത്തെ സാധാരണ പ്രതീക്ഷകൾക്കപ്പുറത്തേയ്ക്ക് നമ്മെക്കൊണ്ടെത്തിക്കുന്നതാണ്. അനിശ്ചിതത്വവും ഭീതിയും യുദ്ധങ്ങളും ഉള്ള ഈ ലോകത്തിൽ ദൈവത്തിന്റെ അത്യന്ത ശക്തിയെ ധരിക്കുവാൻ പ്രാർത്ഥന നമ്മെ ഒരുക്കുന്നു.

ദൈവവചനത്തിൽ അസാധാരണമായ പ്രാർത്ഥനകളെ സംബന്ധിച്ച് പറയുന്നുണ്ട്. എസ്ഥേറിന്റെ പുസ്തകത്തിലെ ഉദാഹരണം നോക്കാം. ദേശത്ത് ചിതറിപ്പാർക്കുന്ന യഹൂദന്മാർക്ക് ഒരു അത്യാഹിതമുണ്ടായി. യൂഹദ ജനത്തെ മുഴുവനും ഉന്മൂലനാശം ചെയ്യുവാനുള്ള കല്പന പുറപ്പെട്ടു. തന്റെ ജനത്തിനു വേണ്ടി തന്റെ ജീവനെത്തന്നെ അവഗണിച്ച് രാജസന്നിധിയിലേക്ക് പോകുവാൻ തീരുമാനിച്ചു. രാജസന്നിധിയിൽ ചെല്ലുന്നതിന് മുമ്പ് ദൗത്യത്തിന്റെ വിജയത്തിന് വേണ്ടി മൂന്ന് ദിവസം ഉപവസിപ്പാനും പ്രാർത്ഥിപ്പാനും തന്റെ ജനത്തെ ആഹ്വാനം ചെയ്തു. എസ്ഥേറും അപ്രകാരം പ്രാർത്ഥിപ്പാനായി തീരുമാനിച്ചു. അസാധാരണമായ പ്രാർത്ഥനയ്ക്ക് അസാധാരണ വിടുതലുണ്ടായി.

എസ്രായുടെ പുസ്തകം മറ്റൊരു അസാധാരണമായ പ്രാർത്ഥനയുടെ ഉദാഹരണം നൽകുന്നു. എസ്രാ ബാബിലോണിൽ അടിമകളായിരുന്ന ഒരു കൂട്ടം യഹൂദന്മാരെ യെരുശലേമിലെത്തിക്കുവാൻ ഒരുങ്ങുകയായിരുന്നു. ആ ആപൽക്കരമായ യാത്രയ്ക്ക് രാജാവിന്റെ ഒത്താശയും സംരക്ഷണവും വാഗ്ദത്തം ചെയ്യപ്പെട്ടു. ആ രാജാവിന്റെ വാഗ്ദത്തം എസ്രാ നിരാകരിച്ചു. പകരം ദൈവത്തിന്റെ സംരക്ഷണമാണ് നമുക്ക് വേണ്ടത് എന്ന് ജനത്തെ ബോദ്ധ്യപ്പെടുത്തി. ജനം കൂടിവന്നപ്പോൾ ദൈവത്തിന്റെ സംരക്ഷണം നമുക്കില്ലെങ്കിൽ നമ്മുടെ യാത്ര ആപൽക്കരമാണ് എന്ന് ജനത്തെ ബോദ്ധ്യപ്പെടുത്തി. അതുകൊണ്ട് എസ്രാ ജനത്തെ വിളിച്ച് തങ്ങളെത്തന്നെ ദൈവമുമ്പാകെ താഴ്ത്തി യാത്രയുടെ അനുഗ്രഹത്തിനായി ഉപവസിപ്പാനും പ്രാർത്ഥിപ്പാനും അവരെ ആഹ്വാനം ചെയ്തു. ദൈവം അവരുടെ പ്രാർത്ഥന കേട്ട് സംരക്ഷണത്തിന്റെ പുതിയ അദ്ധ്യായം തുറന്നു കൊടുത്തു.

ആനുകാലിക സംഭവങ്ങളിലും ഇതുപോലുള്ള ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയും. മഹാനായ ബ്രിട്ടീഷ് പ്രാസംഗികനായ ചാൾസ് സ്പർജൻ ദൈവത്താൽ ഉപയോഗിക്കപ്പെട്ട ലണ്ടനിൽ ഒരു വലിയ സഭ സ്ഥാപിതമായി; സഭയിൽ ദൈവത്തിന്റെ പ്രവർത്തി വെളിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുവാൻ ജനത്തെ ആഹ്വാനം ചെയ്തു. അദ്ദേഹം ഇങ്ങനെ എഴുതി, പ്രിയമുള്ളവരേ, ദൈവം നമുക്കു വേണ്ടി എന്താണ് ചെയ്യാൻ പോകുന്നത് എന്ന് നമുക്കറിയില്ല, എന്നാൽ ദൈവം നമ്മെ അനുഗ്രഹിക്കുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥനയ്ക്ക് ശ്രമിക്കാതെ പ്രസംഗിക്കാനായി ശ്രമിക്കാൻ കഴിയുമോ? ദൈവത്തിന്റെ കരങ്ങളിൽ നാം സഭയെ ഏൽപിക്കുകയാണോ അതോ പ്രാർത്ഥനയുടെ കരങ്ങളിൽ നമ്മെ ഏൽപിക്കുകയാണോ വേണ്ടത്? എന്റെ പ്രിയ സ്നേഹിതരേ, നമുക്ക് ഹൃദയ നുറുക്കത്തോടെ പ്രാർത്ഥിക്കാം. നെടുവീർപ്പിനും ഞരക്കത്തിനും കുറ്റബോധമുള്ള പ്രാർത്ഥനയ്ക്കും നമ്മുടെ ആലയം സാക്ഷ്യം വഹിക്കട്ടെ. ഒരു വലിയ കൂട്ടം ഒരു പക്ഷേ അതിനായി കണ്ടെന്നു വരികയില്ല, എന്നാൽ മെച്ചമായ ഒരു ചെറിയ കൂട്ടം, ഈ ഹാൾ വിട്ട് പുറത്തുപോകുമ്പോൾ ദൈവത്തെപ്പോലെയോ, അതിന്റെ വാതിൽ പോലെയോ മറ്റൊന്നില്ല എന്ന് നാം മനസ്സിലാക്കുന്നു. ഇങ്ങനെ പ്രാർത്ഥനയിൽ നമുക്ക് മുന്നേറാം.

അമേരിക്കയിൽ ഉണർവ്വുകൾ അറിയപ്പെടുന്നത് ദൈവജനം അസാധാരണമായ പ്രാർത്ഥനയ്ക്കുവേണ്ടി കടന്നുവരുന്നു എന്നതാണ്. പ്രാർത്ഥനയിലുള്ള ജന

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം?

1. *നിങ്ങൾ പാപിയാണെന്നും തന്മൂലം ദൈവത്തിന്റെ ശിക്ഷയായ മരണത്തിനും ന്യായവിധിക്കും വിധേയനാണെന്നും ഉണരുക. “ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു” (റോമ, 3:23). “പാപത്തിന്റെ ശമ്പളം മരണമത്രേ ” (റോമ 6:23).*
2. *നിങ്ങൾ പാപത്തെക്കുറിച്ച് വാസ്തവമായി അനുതപിച്ച് പാപമോചനത്തിനായി ദൈവത്തോടു അപേക്ഷിക്കുക. “ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ: അവൻ അവനോടു കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും ” (യെശ. 55:7).*
3. *വിശ്വാസത്താൽ യേശുക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുക. യേശു നിങ്ങളുടെ പാപപരിഹാരത്തിന് വേണ്ടി കാൽവറി ക്രൂശിൽ പരമയാഗമായിത്തീർന്നു. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു ” (യോഹ. 3:16).*
4. *കർത്താവിനെ ജലത്തിൽ സാക്ഷിക്കുക. (അ.പ്ര.8:38)*
5. *കർത്താവിനെ മറ്റുള്ളവരുടെ മുമ്പിൽ സാക്ഷിക്കുക. “യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റുപറയുകയും ചെയ്യുന്നു ” (റോമ. 10 : 9, 10).*

പ്രാർത്ഥനയുടെ കീഴടക്കുന്ന ശക്തി

By Ruth Paxson

ലോകത്തിൽ ദൈവത്തിന്റെ പ്രവൃത്തി വളരെ വലുതാണ്. മനുഷ്യനെ രക്ഷിക്കുവാൻ ദൈവം പ്രതിജ്ഞാബദ്ധനാണ്. മനുഷ്യനെ രക്ഷിക്കുവാൻ ദൈവം മനുഷ്യനെ ഉപയോഗിക്കുന്നു. പൗലൊസിനെക്കുറിച്ച് കർത്താവ് പറഞ്ഞത്, “ അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രം ആകുന്നു ” (അ.പ്ര.9:15) ദൈവത്തിന്റെ പ്രവർത്തികളെ തന്ത്രപരമായി അനുകരിച്ചുകൊണ്ട് സാത്താനും തന്റെ ദുഷ്പ വൃത്തികൾക്കുവേണ്ടി മനുഷ്യനെ ഉപയോഗിക്കുന്നു. “അവനോ തിരിഞ്ഞു പത്രോസിനോടു; സാത്താനേ, എന്നെ വിട്ടുപോ, നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നതു എന്നു പറഞ്ഞു ” (മത്താ. 16:23).

പിശാച് മനുഷ്യനെ നശിപ്പിക്കുവാൻ മനുഷ്യരെ ഉപയോഗിക്കുന്നു. ദൈവവചനത്തിന്റെ വെളിച്ചത്തിലും മനുഷ്യ ചരിത്രം പഠിക്കുമ്പോഴും പിശാചിന്റെ പ്രവർത്തികളുമായി മല്ലുപിടിക്കുന്ന മനുഷ്യനെയാണ് നാം കാണുന്നത്. ദുർഗുണം, കൊതി, അത്യാഗ്രഹം, അഹങ്കാരം, ലോകമയത്വം, അസൂയ, സ്വാർത്ഥത, സംശയം, അവിശ്വാസം എന്നിവ മനുഷ്യാത്മാക്കളെ നശിപ്പിക്കുവാനുള്ള പിശാചിന്റെ ആയുധങ്ങളാണ്. ഏതിലാണ് നാം വിജയം വരിക്കേണ്ടത്.

നിശ്ചയമായും ദൈവത്തിന്റെ മനുഷ്യൻ ദൈവത്തിന്റെ പ്രകൃത്യാതീത ശക്തിയാൽ പൂർണ്ണ ജയം പ്രാപിക്കുന്നു. ശത്രുവിന്റെ പ്രവൃത്തികളെ പരാജയപ്പെടുത്തുവാൻ കഴിയുന്ന ഏതെങ്കിലും ശക്തിയുണ്ടോ? അങ്ങനെ ശക്തിയുണ്ട് എന്നതിൽ ദൈവത്തിന് നന്ദി കരേറ്റാം. അതാണ് പ്രാർത്ഥനയുടെ കീഴടക്കുന്ന ശക്തി. പ്രാർത്ഥന എന്നത് ദൈവത്തിന്റെ പദ്ധതിയാണ്. നമ്മെ വിടുവിക്കുവാനും പ്രവർത്തിക്കുവാനും നമ്മെ സഹായിക്കുന്ന പ്രകൃത്യാതീതമായ അത്യന്ത ശക്തിയാണത്. മദ്ധ്യസ്ഥ പ്രാർത്ഥന ഒരു വ്യക്തിയെ ആർക്കും ജയിക്കുവാൻ കഴിയാത്ത ഒരു ശക്തിയായി രൂപാന്തരപ്പെടുത്തുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥന എന്നത് ദൈവജനത്തിന്റെ അടിസ്ഥാനപരവും ആശയപരവും, ശക്തിമത്തായും മഹത്വപരവുമായുള്ള പ്രവൃത്തിയാണ്. പ്രാർത്ഥനയെന്നത് പിതാവായ ദൈവത്തോടുള്ള ഏകീകരണവും കൂട്ടായ്മയുമാണ്. പ്രാർത്ഥനയില്ലെങ്കിൽ ഞാൻ ഒന്നുമല്ല.

ധീരനായ യോദ്ധാവായ പൗലൊസിന്റെ വാക്കുകൾ ഇങ്ങനെ വായിക്കുന്നു. “ഇനി നിങ്ങളുടെ മുഖം കാണ്മാനും നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു തീർപ്പാനുമായി ഞങ്ങൾ രാവും പകലും വളരെ താല്പര്യത്തോടെ പ്രാർത്ഥിച്ചു പോരുന്നു” (1തെസ്സ. 3:10). നിങ്ങൾക്കും ലവുദിക്യയിലുള്ളവർക്കും ജഡത്തിൽ എന്റെ മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും വേണ്ടി, അവർ ക്രിസ്തുവെന്ന ദൈവമർമ്മത്തിന്റെ പരിജ്ഞാനവും വിവേകപൂർണ്ണതയുടെ സമ്പത്തും പ്രാപിപ്പാന്തക്കവണ്ണം സ്നേഹത്തിൽ ഏകീഭവിച്ചിട്ടു ഹൃദയങ്ങൾക്കു ആശ്വാസം ലഭിക്കേണം എന്നുവെച്ചു ഞാൻ എത്ര വലിയ പോരാട്ടം കഴിക്കുന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു ”(കൊലൊ. 2:1,2).

“ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്ന് നിങ്ങളോടുകൂടെ മനം തണുക്കേണ്ടതിന് നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം” (റോമർ 15:31).

തെസലോന്യക്കാരും കൊലോസ്യരും തന്റെ യഥാർത്ഥമായ അവസ്ഥ മനസ്സിലാക്കണം എന്ന് പൗലൊസ് ആഗ്രഹിക്കുന്നു.

പൗലൊസിന് പ്രാർത്ഥന ഒരു നിസ്സാര കാര്യമല്ല. ഒരു ഭക്തന് തന്റെ മനസ്സിനെ ഉറക്കുന്ന ഒരു താരാട്ടു പാട്ടല്ല പ്രാർത്ഥന. പ്രത്യുത, തന്റെ ഹൃദയത്തെയും മനസ്സിനെയും സാന്ത്വനപ്പെടുത്തുന്ന പ്രേരകശക്തിയാണ് പ്രാർത്ഥന. പൗലൊസ് എപ്പോഴും ഒരു പടയാളിയായിരുന്നു. തന്റെ യുദ്ധസ്ഥലം ഭയാനകവും തന്റെ ശത്രു തീരെ അശക്തനല്ല എന്നും പൗലൊസ് അറിഞ്ഞിരുന്നു. സർവ്വശക്തനായ ദൈവത്തോടുള്ള പ്രാർത്ഥനയിലൂടെ തനിക്കും മറ്റുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കുമ്പോൾ നിശ്ചയമായും ഒരു വിടുതലുണ്ടാകും എന്നതാണ് തന്റെ പ്രത്യാശ.

മദ്ധ്യസ്ഥ പ്രാർത്ഥന എന്നത് ഭൂമിയിൽ ദൈവരാജ്യത്തിന്റെ വ്യാപ്തിയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ അടിസ്ഥാനപരമായ പദ്ധതിയാണ്. കർത്താവു പറഞ്ഞു “ എന്നെ പിരിഞ്ഞ് നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴികയില്ല ” (യോഹ.15:5). ക്രിസ്തുവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. നമ്മെ ശക്തീകരിക്കുന്ന പ്രാർത്ഥനയിലൂടെ മാത്രമേ എന്തെങ്കിലും ചെയ്വാൻ കഴിയൂ. അങ്ങനെയെങ്കിൽ ദൈവരാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ നാം പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്.

മദ്ധ്യസ്ഥ പ്രാർത്ഥനയെന്നത് ദൈവരാജ്യത്തിന്റെ സാധകാത്മരൂപമാണ്. ലോകം ഭയാനകമായ സംഭവങ്ങളെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്.

ഒരു രാജ്യം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി കുറെ ബുദ്ധിമാന്മാരായ മനുഷ്യരെ ഉൽപാദിപ്പിക്കുവാൻ ആ രാജ്യത്തിന് കഴികയില്ല. പണം കൊടുത്ത് സമാധാനം വാങ്ങുവാൻ സാദ്ധ്യമല്ല. വീണ്ടും ജനിക്കാത്ത ആളുകളെ സ്നേഹത്തിൽ തുന്നിച്ചേർത്ത് ശാശ്വതമായി ഒരുമിച്ചു നിർത്തുവാൻ ഒരു രാജ്യത്തിനും സാദ്ധ്യമല്ല. നാം ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെ ശക്തമായ പ്രവർത്തനത്തിൽ ശാസ്ത്രീയമായോ യുക്തിപരമായോ പ്രയോജനപ്പെടുത്താവുന്ന മാനുഷികശക്തികളെ കൊണ്ട് സാദ്ധ്യമല്ല. ലോകത്ത് ചിതറിപ്പാർക്കുന്ന ദൈവജനത്തിന്റെ ഹൃദയംഗമായ നിലവിളി ദൈവത്തിങ്കലേയ്ക്ക് ഉയരുമ്പോൾ കാര്യങ്ങൾ ശക്തമായി ചലിച്ചു തുടങ്ങും. 2കൊരിന്ത്യർ 2:16-ൽ പറയുന്നു. “എന്നാൽ ഇതിനു ആർ പ്രാപ്തൻ? അതിനുത്തരം ദൈവത്തിൽ നിന്നു തന്നെ വരുന്നു ഞങ്ങളുടെ പ്രാപ്തി ദൈവത്തനന്റെ ദാനനത്രേ ” (2കൊരി. 3:6). എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന

(ശേഷം 7-ാംപേജിൽ)

കർത്താവായ യേശുവിന്റെ ജീവിതത്തിൽ പ്രാർത്ഥനക്ക് മുൻഗണന

By Zacharias T. Fomum

അവൻ മലയിൽ നിന്ന് ഇറങ്ങി വന്നാറെ വളരെ പുരുഷാരം അവനെ പിന്തുടർന്നു. അപ്പോൾ ഒരു കുഷ്ഠരോഗി വന്ന് അവനെ നമസ്ക്കരിച്ചു. കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് പറഞ്ഞു. യേശു കൈനീട്ടി അവനെ തൊട്ടു. എനിക്ക് മനസ്സുണ്ട് നീ ശുദ്ധമാക എന്ന് പറഞ്ഞു. ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധനായി. യേശു അവനോട് നോക്കൂ ഇത് ആരോടും പറയരുത്, അവർക്ക് സാക്ഷ്യത്തിനായി നീ ചെന്ന് നിന്നെത്തന്നെ പുരോഹിതന് കാണിച്ച് മോശ കല്പിച്ച വഴിപാട് കഴിക്ക എന്നു പറഞ്ഞു” (മത്താ. 8:1). എന്നാൽ അവനെക്കുറിച്ചുള്ള വർത്തമാനം അധികം പരന്നു. വളരെ പുരുഷാരം വചനം കേൾക്കേണ്ടതിനും തങ്ങളുടെ വ്യാധികൾ സൗഖ്യമായി കിട്ടേണ്ടതിനും കൂടിവന്നു. അവനോ നിർജ്ജന പ്രദേശത്ത് വാങ്ങിപ്പോയി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

പിതാവായ ദൈവത്തെ കേന്ദ്രീകരിച്ചാണ് കർത്താവായ യേശുക്രിസ്തു പ്രവർത്തിച്ചിരുന്നത്. കർത്താവായ യേശുവിന് പറയാനുള്ളത് പിതാവിനെ കേന്ദ്രീകരിച്ചാണ്. യേശു സൗഖ്യമാക്കി. കഷ്ടത്തിലായിരുന്നവരെ വിടുവിച്ചു. യേശു പഠിപ്പിക്കയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ തന്റെ ഹൃദയത്തിലുള്ള അമിതമായ ആഗ്രഹവും ആവേശവും എന്നതു പിതാവിനോടൊപ്പം ആയിരിക്കുക എന്നതാണ്, അതുകൊണ്ട് കർത്താവ് അത്ഭുതങ്ങൾ ചെയ്തശേഷം ജനത്തിലേയ്ക്ക് തിരിഞ്ഞ് ആവശ്യപ്പെടുന്നത് സൗഖ്യം പ്രാപിക്കുക, ദൈവവചനം കേൾക്കുക. നേരം പുലരും മുമ്പ് തന്നെ ദീർഘമായ സമയം പിതാവിനോടൊപ്പം ചെലവഴിച്ച ശേഷമാണ് കുഷ്ഠരോഗിയെ സൗഖ്യമാക്കുവാനായി വരുന്നത്. പിതാവിനോടൊപ്പം ചെലവിടുവാനുള്ള തന്റെ അമിതമായ ആഗ്രഹം നിമിത്തം കർത്താവ് താൻ ചെയ്യാൻ പോകുന്ന ശുശ്രൂഷകൾക്ക് മുമ്പായി മരുഭൂമിയിലേക്ക് പോയി ദീർഘ ദിവസങ്ങൾ തന്റെ പിതാവിനോടൊപ്പം ആയിരിക്കുകയാണ്.

പ്രാർത്ഥനയ്ക്ക് മുൻഗണന.

യേശുവിന്റെ ജീവിതത്തിൽ വ്യക്തമായും തുടർച്ചയായും കാണുന്നത് പ്രാർത്ഥനയ്ക്ക് അധികം പ്രാധാന്യം കൊടുത്തിരിക്കുന്നു എന്നതാണ്. ലഭിച്ച എല്ലാ അവസരങ്ങളിലും യേശു അങ്ങനെ ചെയ്തിരുന്നു.

യേശു പിതാവിനെ സ്നേഹിച്ചിരുന്നതിനാൽ എപ്പോഴും പിതാവിനോട് പ്രാർത്ഥിച്ചിരുന്നു. യേശു പ്രാർത്ഥിച്ചതിന്റെ മറ്റൊരു കാരണം പ്രാർത്ഥനയില്ലാതെ യേശുവിന് മുന്നോട്ടു പോകാൻ കഴിഞ്ഞിരുന്നില്ല എന്നതാണ്. യേശു പറഞ്ഞത് “എനിക്ക് സ്വതേ ഒന്നും ചെയ് വാൻ കഴിയുന്നതല്ല. ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു. ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളതു ആകുന്നു” (യോഹ. 5:30). ഓരോ ദിവസവും ദൈവം എന്തു പറയുന്നു എന്ന് കേൾക്കുവാൻ യേശു ആഗ്രഹിച്ചിരുന്നു. ഓരോ ദിവസവും യേശു തന്റെ അഭിപ്രായങ്ങൾ പിതാവിൽ അർപ്പിക്കുകയും മണിക്കൂറുകൾ പോലും ഇഷ്ടം അറിയുവാൻ യേശുപിതാവിന്റെ അടുക്കൽ ചെല്ലുവാൻ ശ്രമിച്ചിരുന്നു.

അതുകൊണ്ട് ശുശ്രൂഷയ്ക്കുള്ള ശക്തിക്കായി അഥവാ നിർദ്ദേശങ്ങൾക്കായി അല്ലെങ്കിൽ പിതാവിനോടുള്ള കൂട്ടായ്മക്കായി ഇടവിടാതെ യേശു പ്രാർത്ഥിച്ചിരുന്നു.

പലപ്പോഴും യേശു ദൈവത്തിന്റെ സാന്നിദ്ധ്യത്തിന് വേണ്ടി മനുഷ്യരുടെ സാന്നിദ്ധ്യം വിട്ടു നിന്നു. ദൈവത്തിൽ നിന്നുള്ള പ്രശംസയ്ക്കു വേണ്ടി മനുഷ്യന്റെ പ്രശംസയെ വിട്ടു നിന്നു. മനുഷ്യൻ യേശുവിൽ നിന്നു കേൾക്കുവാൻ ആഗ്രഹിച്ചപ്പോഴും അവരെ വിട്ട് ദൈവത്തിൽ നിന്നും കേൾക്കുവാൻ യേശു സമയം കണ്ടെത്തുകയാണ്.

യേശു മരുഭൂമിയിലേക്ക് വാങ്ങിപ്പോയി. പ്രാർത്ഥിച്ചു. യേശു ഒരു ഏകാന്ത സ്ഥലം അന്വേഷിച്ചു അവിടെ തന്റെ ഹൃദയം പകർന്ന് പിതാവിനോട് പ്രാർത്ഥിച്ചു.

ക്ഷീണിതനായിരുന്നു എങ്കിലും പ്രാർത്ഥിച്ചു.

യേശു ക്ഷീണിതനായിരുന്ന സമയത്തും കുഷ്ഠരോഗിയെ സൗഖ്യമാക്കി. ആളുകളുടെ സാധാരണമായ പ്രതികരണം നല്ല ജോലി ഞാൻ ചെയ്തു. എന്റെ പിതാവിനെ മഹത്വപ്പെടുത്തി. ഞാൻ ജോലി ചെയ്തു. ഇനി എനിക്ക് വിശ്രമിക്കണം ഭക്ഷിക്കണം, കുടിക്കണം എനിക്ക് അല്പ സ്വാതന്ത്ര്യം അനുവദിക്കണം. ആ മനോഭാവം യേശു എടുത്തില്ല. ക്ഷീണിതനായിരുന്നപ്പോഴും യേശു വിശ്രമം ആഗ്രഹിക്കാതെ പിതാവിനോടൊപ്പം ആയിരിക്കുവാനാഗ്രഹിച്ചു. അതുകൊണ്ട് യേശു പ്രാർത്ഥിപ്പാൻ പോയി.

ജീവിതത്തിൽ പുരോഗതി ആഗ്രഹിക്കുന്നവർ ധാരാളം സമയം പ്രാർത്ഥനയിൽ ചെലവഴിക്കുവാനും വൈകുന്നേരങ്ങളിൽ ഉറങ്ങുന്നതിന് മുമ്പ് നന്ദി പറയുവാനും ദൈവസന്നിധിയിൽ സമയം ചെലവിടുന്നു. അർദ്ധരാത്രിയിലും അവർ പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തുന്നു. കാര്യങ്ങൾ അനുകൂലമായിരിക്കുമ്പോൾ പ്രാർത്ഥിക്കുവാൻ എളുപ്പമാണ്. അങ്ങനെയുള്ള സമയ.ങ്ങളിൽ നിശ്ചയമായും പ്രാർത്ഥിക്കണം. എന്നാൽ കാര്യങ്ങൾ അനുകൂലമല്ലാത്ത സന്ദർഭങ്ങളിലും യുഗപരമായ നമ്മുടെ ചുമതലകളെ ഓർത്തുകൊണ്ടും നാം ധാരാളം സമയം ദൈവസന്നിധിയിൽ വേറിട്ടു പ്രാർത്ഥിയ്ക്കേണ്ടതാണ്.

കർത്താവ് നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കയും യേശു പ്രാർത്ഥിച്ചു എന്നതും നല്ലതാണ് എന്ന് മാത്രമല്ല, അപകട സൂചന അവഗണിച്ച് മനുഷ്യൻ മുന്നോട്ടു പോകുമ്പോൾ ഒരു പ്രാർത്ഥനാ മനുഷ്യന് അടങ്ങിയിരിക്കുവാൻ സാദ്ധ്യമല്ല.

യിസ്രായേലിലെ കാവൽക്കാരനെക്കുറിച്ച് കർത്താവ് പറഞ്ഞത് “ഞാൻ നിന്റെ മതിലുകളിന്മേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു.; അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കുകയില്ല. യഹോവയെ ഓർപ്പി

(ശേഷം 6-ാംപേജിൽ)

നീ വില കൊടുക്കുമോ?

By Wesley L. Duewel

എന്തു വിലയാണ് നിങ്ങൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നത് "എല്ലാ നല്ല ദാനവും തികഞ്ഞവരം ഒക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിൽ നിന്നും ഇറങ്ങി വരുന്നു" (യാക്കോ. 1:17). എന്നിരുന്നാലും ദൈവം നമ്മെ വിളിച്ചിരിക്കുന്ന ദൈവ പ്രവൃത്തിയുടെ ഓരോ ഭാഗങ്ങളിലും വില കൊടുക്കൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദൈവം അങ്ങനെയാണ് ഒരുക്കിയിരിക്കുന്നത്., നമ്മെ വിളിച്ച് ദൈവത്തിന്റെ കൂട്ടു വേലക്കാർ ആക്കിയിരിക്കുന്നത് നമ്മോടുള്ള ദൈവത്തിന്റെ കൃപാദാനമാണ്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി യുള്ള ദൈവത്തിന്റെ പദ്ധതിയിൽ നമ്മെ ഒരു പങ്കുകാരനാക്കി ആദരിക്കുന്നത് ദൈവത്തിന്റെ കൃപ തന്നെയാണ്. ദൈവരാജ്യത്തിനുവേണ്ടി നമ്മെത്തന്നെ കൊടുക്കുവാൻ നാം ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു. എന്തു വിലയാണ് നാം കൊടുക്കുവാനാഗ്രഹിക്കുന്നത്?

അനുഗ്രഹം വിലപ്പെട്ടതാണ്. നമ്മുടെ രക്ഷ സാദ്ധ്യമാക്കുവാൻ ദൈവത്തിന് കൊടുക്കുവാൻ അനന്തമായ ഒരു വിലയുണ്ട്. ഭൂമിയെ വീണ്ടെടുപ്പാനുള്ള ദൈവത്തിന്റെ വീണ്ടെടുപ്പുവേലയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പങ്ക് നിസ്സാരമായതാണോ? ലോകത്തിന്റെ പാപത്തിന്റെ ഭാരം സ്വന്ത ശരീരത്തിൽ വഹിക്കുന്ന പുത്രനെതിരെ മുഖം മറച്ചുകളഞ്ഞ പിതാവിന്റെ പ്രവൃത്തി നിസ്സാരമായിരുന്നുവോ? ചിന്തിക്കുന്ന ആർക്കും അതിന്റെ ആഴം മനസ്സിവാക്കുവാൻ കഴിയുന്നതിനപ്പുറമാണ്. ദൈവിക ത്രിത്വം അനന്തമായ വില കാൽവറി ക്രൂശിലെ വീണ്ടെടുപ്പിനുവേണ്ടി കൊടുത്തു. ദൈവം അതിന് വിലകൊടുത്തു. സകലവും നിവർത്തിയായി .

ഇന്ന് ഞാനും നിങ്ങളും വിലകൊടുക്കേണ്ടതുണ്ട്. പൗലൊസ് അങ്ങനെ ഒരു വിലകൊടുക്കേണമായിരുന്നു. താൻ സന്തോഷത്തോടെ കൊടുത്തു.കാലൊ. 1:24 -ൽ "ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ കുറവായുള്ളത് തന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു." ഇന്ന് നാം ഒരു വില കൊടുക്കേണ്ടിയിരിക്കുന്നു. ഓരോ കാലഘട്ടവും വ്യത്യസ്തമായ ത്യാഗ അനുഭവങ്ങൾ ആവശ്യപ്പെടുന്നു. ഓരോ ദിവസവും പുതിയ വില കൊടുക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെയും ദൈവരാജ്യത്തിന്റെയും വിജയങ്ങൾ ഒരിക്കലും എളുപ്പ വഴിയിൽ നേടിയെടുത്തതല്ല.

ഒരു തലമുറയിലും വില കൊടുക്കാതെ ഒരു കാര്യവും നടന്നിട്ടില്ല. ഏതു ഉണർവ്വ് നടന്നിട്ടുള്ളതിനു പിന്നിൽ കഠിനാദ്ധ്വാനം നടന്നിട്ടുണ്ട്. അത്ഭുതത്തിനു കുറുക്കുവഴികളില്ല. കാൽവറിയിലല്ലാതെ ഒരു പെന്തെക്കോസ്തു ഉണ്ടായിട്ടില്ല.

വില കൊടുക്കുവാൻ തയ്യാറുള്ള ദൈവമനുഷ്യരുടെ അഭാവം ദൈവവേലയ്ക്ക് ഇന്ന് ഒരു തടസ്സമാണ്. യെശയ്യാവിന്റെ നാളുകളിൽ ഇത് വാസ്തവമായിരുന്നു. ത്രിയേക ദൈവം വിളിച്ചു ചോദിക്കുന്നു. "ആരെ ഞാനിനി അയയ്ക്കേണ്ടൂ ആർ, നമുക്കു വേണ്ടി പോകും" (യെശ.6:8). യെഹസ്കേലിനെ സംബന്ധിച്ചും ഇത് സത്യമാണ്. പൗലൊസിന്റെ നാളുകളിൽ ഇത് സത്യമാണ്. അപ്പോസ്തലൻ ആത്മാക്കൾക്കുവേണ്ടിയുള്ള പോർക്കളത്തിൽ പലപ്പോഴും ഏകനായിരുന്നു. പലരും സ്വന്തം നിലയിൽ സ്വന്തം ദർശനത്തിനൊത്തു പോരാടി. ഇന്നും ഇത് യാഥാർത്ഥ്യമാണ്. ഭൂരിപക്ഷം ക്രിസ്ത്യാനികളും പേരിൽ ക്രിസ്ത്യാനികളാണ്. വിലകൊടുക്കേണ്ടതായ ആവശ്യം അവർക്കറിയില്ല. ഭൂരിപക്ഷം ആത്മീകരായ ക്രിസ്ത്യാനികളും ഉറക്കത്തിലാണ്. അവർ കൊടുക്കേണ്ടതായ വിലയെ സംബന്ധിച്ച് അവർ അജ്ഞരാണ്.

ഇന്ന് ആത്മീകമായി ഒരു ക്ഷാമം നേരിട്ടിരിക്കുന്നു. കാരണം ദൈവത്തിന്റെ ഉണർവ്വിനുവേണ്ടിയുള്ള ദാഹം കുറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ പ്രവൃത്തിക്ക് ക്ഷാമമില്ല. ദൈവത്തിന്റെ പുനരുദ്ധാനത്തിന്റെ ശക്തി ദിവസങ്ങളെ അത്ഭുതങ്ങളാക്കി കൊണ്ടിരിക്കുന്നു. യുഗപരമായ പ്രശ്നങ്ങളില്ല. കൃപായുഗം തുടർന്നു കൊണ്ടിരിക്കുന്നു. യുഗപരമായ ആത്മശക്തി പകർന്നുകൊണ്ടിരിക്കുന്നു, ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളുടെ ഫലമായ കുറ്റബോധം, മാനസാന്തരം, വിശുദ്ധീകരണം, ഉണർവ്വു ഇവ നടന്നുകൊണ്ടിരിക്കുന്നു. ഇത് ശുദ്ധീകരണത്തിന്റെയും പരിശുദ്ധാത്മപകർച്ചയുടെയും കാലമാണ്. (പ്രവൃത്തി. 3:19).

എന്നാൽ വലിയ ആത്മിക ആവശ്യം നിലനിൽക്കുന്നു. ദൈവകൃപയും ദൈവത്തിന്റെ പ്രവൃത്തിയും ഉണ്ട്. ദേശവ്യാപകമായ ഒരു ഉണർവ്വ് ആവശ്യമായിരിക്കുന്നു പാട്ടുകാരൻ പാടുന്നത്,

" ആശിഷമാരിയുണ്ടാകും
ആനന്ദവാഗ്ദത്തമേ
മേൽ നിന്നും രക്ഷകൻ
നൽകും"
ആശ്വാസകാലങ്ങളേ"

ക്രിസ്ത്യാനികൾ ധാരാളമുണ്ട്.ശക്തന്മാരായ ദൈവമനുഷ്യർ കുറവ്. ഉണർവ്വുണ്ടാക്കുവാൻ കഴിവുള്ള ആത്മിക മനുഷ്യർ ധാരാളമുണ്ട്. എന്നാൽ വിലകൊടുക്കാൻ മനസ്സുള്ളവർ കുറവ്. ആത്മീയ ദാരിദ്ര്യം വളരെയാണ്. നീണ്ട പ്രാർത്ഥനകളും കുറവാണ്. ഉപവാസങ്ങൾ കുറഞ്ഞിരിക്കുന്നു. "വിത്തു ധാരാളം വിതയ്ക്കുന്നു. പക്ഷേ കണ്ണീരിലുള്ള വിത കുറവാണ്. അതുകൊണ്ട് കൊയ്ത്തും കുറഞ്ഞിരിക്കുന്നു" (സങ്കീ. 126:5). യേശുവിനെ അംഗീകരിക്കാനുള്ള ആഹ്വാനം വളരെയുണ്ട്. എന്നാൽ തന്റെ ക്രൂശെടുക്കുവാനുള്ള ആഹ്വാനം കുറഞ്ഞിരിക്കുന്നു.

(ശേഷം അടുത്ത ലക്കം)

(5-ാം പേജിന്റെ തുടർച്ച)

ക്കുന്നവരേ നിങ്ങൾ സ്വസ്ഥമായിരിക്കരുത്"(യെശ. 62:6). പിന്നെ രാവും പകലും പ്രാർത്ഥിയ്ക്കയും ദൈവത്തെ ആരാധിക്കയും ചെയ്തു. ആത്മീയ ജീവിതത്തിന്റെ ഉയർന്ന നിലവാരങ്ങളിലേയ്ക്ക് ഉയരുവാൻ ആഗ്രഹിക്കുന്നവർ സമയത്തും അസമയത്തും പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കേണ്ടതാണ്. ശരീരത്തിൽ സുഖത്തോടിരിക്കുമ്പോഴും ക്ഷീണമായിരിക്കുമ്പോഴും, മോശമായിരിക്കുമ്പോഴും വിജയിക്കുമ്പോഴും എല്ലാം പരാജയം എന്ന് തോന്നുമ്പോഴും നമ്മെ ആളുകൾ അംഗീകരിക്കുമ്പോഴും അവഗണിയ്ക്കുമ്പോഴും എപ്പോഴും നാം പ്രാർത്ഥിക്കേണ്ടതാണ്.

കർത്താവിനെ സ്നേഹിക്കുന്നവർക്കുള്ള കൽപന "സ്വസ്ഥമായിരിക്കരുത് സ്വസ്ഥതയെ കെടുക്കയുമ

❖

(3-ാം പേജിന്റെ തുടർച്ച)

അസാധാരണമായി പ്രാർത്ഥിക്കുവാനുള്ള പുതിയ വിളി

ത്തിന്റെ അവബോധമാണ് ഉണർവ്വിനായി അറിയപ്പെടുന്നത്. ദൈവം ഈ സമയങ്ങളെ അറിഞ്ഞ് അനുഗ്രഹിക്കുന്നു. റോബർട്ട് സക്കേതന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്, പ്രാർത്ഥനയുടെ അനുഭവം ഉണ്ടാകുന്നത് കുറ്റബോധത്തിൽ നിന്നാണ്. നാം ജീവിക്കുന്ന കാലം ഇരുളടഞ്ഞതോ പ്രകാശമുള്ളതോ എന്ന് വിലയിരുത്തുന്നത് പ്രാർത്ഥനയെ സംബന്ധിച്ചാണ്. നാം പ്രാർത്ഥിച്ചാൽ ചരിത്രത്തിലൊരിക്കലും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ദൈവം നമുക്കുവേണ്ടി ചെയ്യും. ദൈവത്തോടുള്ള പ്രാർത്ഥനയും ദൈവത്തിന്റെ പദ്ധതിയായ ജനത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥന നാം ഏറ്റെടുക്കാം. ദൈവത്തിന്റെ പ്രവൃത്തികളെ നാം ബദ്ധപ്പെടുത്തുന്നില്ല എങ്കിൽ ദൈവത്തിന്റെ മഹത്തായ പദ്ധതികളെ നമുക്ക് അവകാശമാക്കാൻ സാദ്ധ്യമല്ല. ദൈവം തന്റെ രാജ്യം സ്ഥാപിച്ചു രാജ്യങ്ങളും, ആളുകളും, ഗോത്രങ്ങളും ഭാഷക്കാരും ഒരുമിച്ചു ദൈവസിംഹാസനത്തിനും പുത്രനായ ക്രിസ്തുവിനും ഏഴ് ആത്മാക്കൾ ക്കും മുമ്പാകെ ഒരുമിച്ച് കൂടിവന്നു. ലോകത്തിൽ ദൈവത്തെ ആരാധിക്കുന്ന ദർശനം നാം പ്രാപിച്ച് ദൈവത്തിന്റെ രാജ്യം അതിന്റെ ആത്മീക അർത്ഥത്തിലും അക്ഷരീക അർത്ഥത്തിലും നിറവേറിക്കാണുന്നതുവരെയും വിശ്രമമില്ലാതെ നാം പോകുകയും പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

സക്കേയുടെ എഴുത്തിന്റെ ഒടുവിലത്തെ വാചകം ഇങ്ങനെ വായിക്കുന്നു. “ജീവിതത്തിന്റെ എല്ലാ അർത്ഥത്തിലും ദൈവത്തിന്റെ രാജ്യം സ്ഥാപിക്കപ്പെടുന്നതു വരെയും ദൈവമക്കൾ വിശ്രമം കൂടാതെ ഓടുവാനും അദ്ധ്വാനിപ്പാനും അസാധാരണമായി പ്രാർത്ഥിപ്പാനും നമ്മെ നിർബ്ബന്ധമാക്കുന്നു. അങ്ങനെ പ്രാർത്ഥിപ്പാൻ ജീവിതത്തിൽ എപ്പോഴെങ്കിലും തീരുമാനിച്ചിട്ടുണ്ടോ? ജീവിതത്തിന്റെ എല്ലാ അർത്ഥത്തിലും ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന പ്രാർത്ഥന നാം തുടരേണ്ടതല്ലേ? ഇത് കേവലം ഒരു വ്യക്തിയിൽ നിന്നും വരേണ്ട പ്രതികരണമല്ല. ദൈവത്തിന്റെ പ്രവർത്തിക്കുവേണ്ടി അസാധാരണമായി പ്രാർത്ഥിക്കുവാൻ സഭ ഉണരേണ്ടതല്ലേ? അസാധാരണമായി പ്രാർത്ഥിക്കുവാൻ ആദ്യ നൂറ്റാണ്ടിലെ സഭ കൂടിവന്നിരിക്കുന്നു.

നാം പാർക്കുന്ന കാലം ഒരു സാധാരണമായ കാലമല്ല. നമ്മുടെ ക്രിസ്തീയ ജീവിതത്തിലും പ്രാർത്ഥനാ ജീവിതത്തിലും അസാധാരണമായ ഒരു നിലവാരം പുലർത്തുവാൻ നമുക്ക് ഉത്സാഹിക്കാം. അസാധാരണമായ പ്രാർത്ഥനയ്ക്കുവേണ്ടി ദൈവം നമ്മെ വിളിക്കുന്നു. നിങ്ങളുടെ പ്രതികരണം എന്ത്?

(4-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയുടെ കീഴടക്കുന്ന ശക്തി

ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ ”(എഫെ. 3:20). പ്രാർത്ഥനയാൽ മാത്രമാണാ ഈ ശക്തി വ്യാപരിക്കുന്നത്.

മദ്ധ്യസ്ഥ പ്രാർത്ഥനയെന്നത് ഒരു ദൈവഭക്തന് തന്നെത്താൻ വെളിപ്പെടുത്തുവാൻ കഴിയുന്ന ശക്തമായ ഒരു രീതിയാണ്. ഇത് ദൈവത്തിനു വേണ്ടി ഫലം കായ്ക്കുന്ന അനുഭവമാണ്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു. യോഹ.14:4-ൽ “നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും. ബലഹീനനായ ഒരു ദൈവപൈതലിന്റെ പ്രാർത്ഥന വലിയ ദൈവശക്തിയായി രൂപാന്തരപ്പെടുന്നു. നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥന ദൈവം പ്രവർത്തനത്തിന് സജ്ജമാകുന്നു. കർത്താവ് അങ്ങനെ പറഞ്ഞു അത് അങ്ങനെയുമാണ്. ഇത് സന്തോഷം കൊണ്ട് നമ്മെ നിറയ്ക്കുന്നു. എന്നാൽ കർത്താവ് അതിൽ വലിയതു പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കും, “എങ്കിൽ” ഇവിടെ എങ്കിൽ എന്ന പദം പ്രത്യേകം ശ്രദ്ധേയമാണ്. ദൈവത്തിന്റെ പ്രവൃത്തി നമ്മുടെ പ്രാർത്ഥനയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. എങ്ങനെ അല്ലെങ്കിൽ എന്തുകൊണ്ട് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലായിരിക്കാം. എന്നാൽ പ്രാർത്ഥന എന്ന വ്യവസ്ഥയിലൂടെ ദൈവം പ്രവർത്തിക്കുന്നു.

ദൈവം മനുഷ്യനു നൽകിയ മഹത്വകരമായ അനുഭവമാണ് മദ്ധ്യസ്ഥ പ്രാർത്ഥന. മദ്ധ്യസ്ഥ പ്രാർത്ഥന മാത്രം നമ്മെ ദൈവവുമായിട്ടുള്ള അടുത്ത ബന്ധത്തിലേക്ക് നയിക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനയിൽ മനുഷ്യൻ ദൈവവുമായി ഒത്തുചേരുന്നു. ഒന്നായി തീരുന്ന സ്ഥലം ദൈവത്തിന്റെ സ,മ്മേളന സ്ഥലമാണ്. പ്രാർത്ഥിക്കുന്ന വ്യക്തി ഒരു മഹത്വ പൂർണ്ണമായ വ്യക്തിയായി മഹത്വപൂർണ്ണമായ ഒരു സ്ഥലത്ത് മഹത്വ പൂർണ്ണമായ പ്രവൃത്തി ചെയ്യുവാൻ ദൈവവുമായ മുഖാമുഖം ഒത്തു ചേരുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥന ദൈവജനത്തിന്റെ നിത്യ ഉത്തരവാദിത്വമായി പരിഗണിക്കപ്പെടുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന ഏറ്റവും വലിയ പ്രേരകശക്തിയായിരിക്കുന്നു എങ്കിൽ ഇത് നമ്മുടെ നിത്യ ജീവിതത്തിലെ ഒന്നാമത്തെയതും പ്രധാനപ്പെട്ടതുമായ കാര്യമായി മാറുകയാണ്. മറ്റെല്ലാ കാര്യങ്ങളും ഇതിന് ശേഷമേ ഉള്ളൂ.

മദ്ധ്യസ്ഥ പ്രാർത്ഥനക്ക് ഒരുക്കം ആവശ്യമാണ്. നമ്മുടെ ശരീരത്തിന്റെ അവയവങ്ങളായ തലച്ചോറ്, ഹൃദയം, നമ്മുടെ ഇഷ്ടം ഇവയെല്ലാം ക്രമീകരിച്ചു ശ്രദ്ധാപൂർവ്വമായ തീരുമാനവും നല്ല ഒരുക്കവും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ആവശ്യമാണ്. ദൈവവചനം പറയുന്നത് “വേണ്ടുംവണ്ണം പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് നിങ്ങൾ അറിയുന്നില്ലല്ലോ”. നാം ആത്മാവിനാൽ പഠിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനയുടെ രീതിയും ആവശ്യവും ഗുരുവും ദൈവവുമായ കർത്താവിൽ നിന്നു തന്നെ നാം പഠിക്കേണ്ടതാണ്.

മദ്ധ്യസ്ഥ പ്രാർത്ഥന നല്ല ഉൾക്കാഴ്ച ആവശ്യപ്പെടുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനയിൽ മടിയന്മാരായോ സത്യസന്ധതയില്ലാതെയോ ക്രമമില്ലാതെയോ ജീവിതത്തിൽ ഉറപ്പില്ലാതെയോ പ്രാർത്ഥിക്കുവാൻ പാടുള്ളതല്ല. പ്രാർത്ഥനയ്ക്കുള്ള സമയം മാറ്റിവച്ചാൽ മറ്റൊരു കാര്യത്തിനു വേണ്ടി ചെലവിടാൻ ഉത്സാഹമില്ലാതെ പ്രാർത്ഥിച്ചാൽ ആ സമയം പിന്നെ ഒരിക്കലും തിരികെ ലഭിക്കാതെ കൈവിട്ടു പോയേക്കാം.

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നമ്മുടെ ജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമായതും പുതിയതുമായ ഊർജ്ജം ആവശ്യമാണ്. കർത്താവിനെക്കുറിച്ച് പറയുന്നത് “ഉറച്ചനിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു”. (എബ്രാ. 5:7). മലയിൽ നിന്നും ഇറങ്ങിവരുന്ന യേശുവിനെ നോക്കുമ്പോൾ ഗത്സമന

(ശേഷം 8-ാംപേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രാർത്ഥന ഉണർവ്വിനുവേണ്ടി

ഉണർവ്വിനു വേണ്ടി നാം പ്രാർത്ഥിക്കുന്നു എങ്കിൽ ദൈവം ശക്തമായ ഉണർവ് അയയ്ക്കും. യഥാർ ത്ഥമായ ഉണർവ്വ് ദൈവം സാദ്ധ്യമാ ക്കുന്നു. ഉണർവ്വി നുവേണ്ടി യുള്ള ഹൃദയവാഞ്ഛ നമ്മി ലുണ്ടെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനായി നമ്മെ ഒരുക്കി ശക്തീകരിക്കു ന്നു. ആ അനുഭവം നമ്മുടെ വാക്കുകളാൽ വർണ്ണിക്കു വാൻ സാദ്ധ്യമുള്ളതല്ല.

നാം പ്രാർത്ഥിക്കുമ്പോൾ ദൈവം ഉണർവ്വ് അയയ്ക്കും എന്ന് നാം അറിയുന്നു. പരി ശുദ്ധാത്മാവു പ്രാപിക്കുന്ന തിനു മുൻപ് 120 പേർ പ്രാർത്ഥിച്ചപ്പോൾ ദൈവം ഉണർവ്വ് അയച്ചുവെങ്കിൽ പരിശുദ്ധാത്മാവ് വന്നതിനു ശേഷമുള്ള പ്രാർത്ഥനയിൽ അതിനേക്കാൾ ശക്തമായ ഉണർവ്വ് ഉണ്ടാകുവാനിയാ കും. അങ്ങനെ ഉണർവ്വുണ്ടാ കുന്നില്ലായെങ്കിൽ നമ്മിൽ ഉള്ള ആത്മാവ് എങ്ങനെ യുള്ള ആത്മാവ് എന്ന് നാം പരിശോധിക്കേണ്ടിയിരി ക്കുന്നു.

ഐക്യമായി പ്രാർത്ഥി ക്കുമ്പോൾ ദൈവത്തി ന്റെ പദ്ധതി വെളിപ്പെടുന്നു.

ആദിമ ക്രിസ്ത്യാനികൾ ദൈവത്തിന്റെ പരിശുദ്ധാ ത്മാവ് പ്രാപിക്കുന്നതിനു മുമ്പേ തന്നെ പ്രാർത്ഥ നയ്ക്ക് മറുപടി ലഭിച്ചു എന്നത് നാം ശ്രദ്ധയോടെ നോക്കിക്കാണേണ്ടതായ ഒരു ആത്മീക സത്യമാണ്. 120 പേർ ഹൃദയംഗമായി ഐക്യമതയോടെ ഒരുമന പ്പെട്ടു പ്രാർത്ഥിക്കുമ്പോൾ അവരിൽ വ്യാപരിച്ച പരിശു ദ്ധാത്മാവിന്റെ ശക്തിയും ദൈവത്തിന്റെ പ്രവൃത്തിയും യരുശലേമിൽ ഒന്നാമത്തെ സഭയുടെ സ്ഥാപനത്തിന് കാരണമായി. മൂവായിരം പേർ അന്ന് മാനസാന്തരപ്പെട്ട് സഭയോട് ചേർന്നു. അവർ “ അപ്പോസ്തലന്മാരുടെ ഉപ ദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു” (പ്രവൃത്തി. 2:42). അപ്പോസ്തലന്മാർ മഹാശക്തിയോടെ കർത്താ വായ യേശുവിന്റെ പുനരു ത്ഥാനത്തിന് സാക്ഷ്യം പറ ഞ്ഞുവന്നു. എല്ലാവർക്കും വളരെ കൃപലഭിച്ചിരുന്നു. പ്രവൃത്തി.4:33.

ആദിമ സഭയുടെ എല്ലാ ഗുണങ്ങളുമുള്ള ഒരു യഥാർ ത്ഥ സഭ ഈ നാളുകളിൽ കർത്താവിനെ തെരയുകയാണ്. ആ സഭ പരിശുദ്ധാ ത്മാവിന്റെ ശക്തിയിൽ നിറഞ്ഞ് ആദിമസഭയുടെ എല്ലാ രീതികളും വെളിപ്പെ ടുത്തുന്ന ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള സഭയാ യിരിക്കണം എന്ന് കർത്താ വ് ആഗ്രഹിക്കുന്നു. ഓരോ സഭയും ആ ആത്മീക അനു ഗ്രഹങ്ങളെ ലോകത്തിന് വെളിപ്പെടുത്തിക്കൊടു ക്കുന്ന ദൂതു വാഹകരായിരി ക്കണം. ആ ഉണർവ്വിലേ യ്ക്കായി ദൈവം നമ്മെ നട ത്തുമാറാകട്ടെ. ❖

(2-ാം പേജിന്റെ തുടർച്ച)

ക്രിസ്തു ലോകത്തിന്റെ ഏക പ്രത്യാശ

സാഹചര്യങ്ങൾ വ്യത്യാ സപ്പെടേണം. പാപം ഏറ്റുപ റയണം. ക്ഷമിക്കപ്പെടണം. ഏറ്റുപറച്ചിനാലും പാപത്തെ ഉപേക്ഷിക്കുന്നതിനാലും ഉണർവ്വിന് ശരിയായ വഴി യൊരുക്കണം. ഹൃദയ ത്തിന്റെ രഹസ്യ അറകളെ തുറന്ന് ദൈവത്തിന്റെ പരി ശുദ്ധാത്മാവിന്റെ മുമ്പാകെ ഒരു തുറന്ന സമീപനം ആവ ശ്യമാണ്. കണ്ണുനീരിന്റെ അനുഭവത്തിലേയ്ക്ക് മട ങ്ങിവരാം. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി അടത്തുചെല്ലാം. ദൈവവച നത്തിലേക്ക് അടുത്ത് ചെല്ലാം. ഹൃദയങ്ങളെ പരി ശോധിക്കാം. പാപബോധ മുള്ള പ്രാർത്ഥന ഉണർവ്വിലേ യ്ക്കുള്ള രാജവീഥിയാണ്. പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേ ക്ഷിക്കാം. നമ്മെത്തന്നെ സമർപ്പിക്കാം. കാൽവരി ക്രൂശിലേക്ക് തിരിഞ്ഞ് ദേശം ക്രൂശിന്റെ ചുവട്ടിലേക്ക് വരു ന്നതുവരെയും പ്രാർത്ഥിക്കാം. എന്നാലേ നരകം ദുഃഖിക്ക യും സ്വർഗ്ഗം ആനന്ദിക്കയും ചെയ്യുന്ന ഉണർവ്വ് ആരംഭി ക്കൂ, ദൈവത്തിന് ഇടപെടാൻ കഴിയൂ.

ലോകം ഇന്ന് രാഷ്ട്രീയ പരവും, സാമ്പത്തികപരവും ധാർമ്മികവും ആത്മികവു മായ നാശം നേരിട്ടുകൊണ്ടി രിക്കുന്നു. ഒരു യുദ്ധം കൂടാതെ ഇവയെ പുറത്താക്കു വാൻ സാദ്ധ്യമല്ല. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. അനുതാ പവും പ്രാർത്ഥന യും എന്നത് ഉണർവ്വിന്റെ താക്കോലും ഉണർവ്വ് എന്നത് നിക്ഷേപ ങ്ങളും അനുഗ്രഹങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്ന ദൈവഭവനത്തിന്റെ താക്കോ ലുമാണ്. നമുക്ക് ഉണരാം. അനുതപിക്കാം. ഉണർവ്വിന്റെ പെരുമ്പറ മുഴക്കി കാഹളം ഊതാം. പുതിയ തീരുമാന ത്തോടും പ്രതിഷ്ഠയോടും കൂടെ നഷ്പ്പെട്ട ശക്തിയെ വീണ്ടെടുത്ത് ആത്മീയ അനു ഭവങ്ങളെ അനുഭവമാക്കി, പ്രാർത്ഥനയുടെ ഇടിഞ്ഞു കിടക്കുന്ന യാഗപീഠങ്ങളെ നന്നാക്കി, നഷ്ടപ്പെട്ട വരെക്കുറിച്ചുള്ള ആത്മഭാരം വീണ്ടെടുത്ത്, പാപത്തിന്റെ തീരാരോഗം പിടിച്ച ഈ ലോകത്തിന്റെ വിടുതലിനായി ഉണർവ്വോടെ മുന്നോട്ട് പോ കാം.

ദൈവത്തിന്റെ മഹത്തായ നിയോഗം ജനങ്ങളെ സഭ യോട് അടുപ്പിക്കുന്നു. സുവി ശേഷത്തിന്റെ ശക്തി നഷ്ട പ്പെട്ടവരിലെത്തിക്കണം. തെരു വിൽ നിന്നും ലോകത്തിന്റെ അറ്റം വരെയും ഉള്ള ആത്മാ ക്കളെയും ദൈവത്തിനായി നേടണം. കൈമാറുവാൻ നമ്മുടെ കയ്യിൽ ഒരു സത്യ മുണ്ട്. മറ്റുള്ളവർക്ക് കൊടു ക്കുവാൻ ഒരു ദൂത് നമ്മുടെ പക്കലുണ്ട്.

ക്ഷീണിച്ച് ഒരു വിടുതലി നായി കാത്തിരിക്കുന്ന ലോകം ദൈവത്തിന്റെ സൗ ഖ്യമാക്കുന്ന സ്പർശനത്തി നായി കാത്തിരിക്കുന്നു. നമ്മെ ദൈവത്തിനായി സമർപ്പിച്ച് ഉണർവ്വിന്റെ വഴി യൊരുക്കി ആത്മാക്കളെ ദൈവത്തിനായി നേടാം. അതാണ് നിവർന്നു നിൽക്കു വാനും ഓരോ ആത്മാക്ക ളെയും ദൈവത്തിൽ എത്തി ച്ച് അനുഗ്രഹിക്കപ്പെടുവാ നുള്ള മാർഗ്ഗം. ദൈവനി യോഗം ഏറ്റെടുത്ത് ദൈവം തന്ന വേലയെ തികെച്ച് ദൈവത്തിനായി നിലകൊ ള്ളുവാൻ ദൈവമായ കർ ത്താവ് നമ്മെ സഹായിക്ക ട്ടെ. ❖

(7-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയുടെ കീഴടക്കുന്ന ശക്തി

യിലെ യേശുവിനെ ശ്രദ്ധി ച്ചാൽ വിലകൊടുക്കാതെ പ്രാർത്ഥിപ്പാൻ സാദ്ധ്യമല്ല എന്ന് മനസ്സിലാക്കാം. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വലിയ വില കൊടുക്കേണം. അക്ഷരീകമായി പ്രാർത്ഥന യിൽ നമ്മുടെ ഊർജ്ജം ചെലവിടുമ്പൾ അക്ഷരീക മായി തന്നെ നമ്മുടെ ഊർജ്ജം വർദ്ധിക്കുവാൻ ഇടയാകും. “ യഹോവയെ കാത്തിരിക്കുന്നവർ ശക്തി യെ പതുക്കും ”(യെശ. 41:31). വേദപുസ്തകം വായിച്ചും പ്രാർത്ഥിച്ചും കർത്താവിൽ നിന്നു പഠിച്ചും മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സാദ്ധ്യമായ എല്ലാ നിലയിലും മുന്നേറു വാൻ ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975